സ.ഉ.(കൈ) നം.5/2023/ID

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

വ്യവസായ വകുപ്പ് - കേരള സ്റ്റേറ്റ് ഇലക്ട്രോണിക്സ് ഡെവലപ്മെന്റ് കോർപറേഷൻ ലിമിറ്റഡിലെയും അനുബന്ധ കമ്പനികളായ കെൽട്രോൺ കംപോണന്റ് കോംപ്ലക്സ് ലിമിറ്റഡിലെയും, കെൽട്രോൺ ഇലക്ട്രോ സിറാമിക്സ് ലിമിറ്റഡിലെയും ജീവനക്കാർക്ക് 2020-21 സാമ്പത്തിക വർഷത്തെ എക്സ്ഗ്രേഷ്യ നൽകിയ കെൽട്രോൺ ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ നടപടി സാധൂകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

വ്യവസായ (ഡി) വകുപ്പ്

സ.ഉ.(കൈ) നം.5/2023/ID തീയതി,തിരുവനന്തപുരം, 27-01-2023

പരാമർശം :- 1. 31/12/2021-ലെ കെ. എസ്. ഇ. ഡി. സി./സി. എച്ച്.ആർ./സർക്കാർ/ എക്സ്ഗ്രേഷ്യ/2021/187 നമ്പർ കത്ത്

**ഉത്തരവ്**

കേരള സ്റ്റേറ്റ് ഇലക്ട്രോണിക്സ് ഡെവലപ്മെന്റ് കോർപറേഷൻ ലിമിറ്റഡിലെയും അനുബന്ധ കമ്പനികളായ കെൽട്രോൺ കംപോണന്റ് കോംപ്ലക്സ് ലിമിറ്റഡിലെയും, കെൽട്രോൺ ഇലക്ട്രോ സിറാമിക്സ് ലിമിറ്റഡിലെയും ജീവനക്കാർക്ക് 2021 ലെ ഓണത്തോടനുബന്ധിച്ച് 2020-21 സാമ്പത്തിക വർഷത്തെ ബോണസ്സ്, എക്സ്ഗ്രേഷ്യ എന്നിവ ചുവടെ പട്ടികയിൽ ചേർത്തിരിക്കും പ്രകാരം വിതരണം ചെയ്യുവെന്നും ബോണസ്സിന് പുറമേ എക്സ്ഗ്രേഷ്യ കൂടി വിതരണം ചെയ്തതിനാൽ ആയതിന് സർക്കാർ സാധൂകരണം നൽകണമെന്നും കെൽട്രോൺ ചെയർമാൻ & മാനേജിംഗ് ഡയറക്ടർ പരാമർശം (1) ലെ കത്ത് പ്രകാരം സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു.

| സ്ഥിരം ജീവനക്കാർ | | | കരാർ ജീവനക്കാർ | | |
|---|---|---|---|---|---|
| കാറ്റഗറി | ബോണസ്സ് | എക്സ്ഗ്രേഷ്യ | കാറ്റഗറി | ബോണസ്സ് | എക്സ്ഗ്രേഷ്യ |
| അസിസ്റ്റന്റ് / സ്റ്റെനോ / ഡാറ്റാ എൻട്രി ഓപ്പറേറ്റർ / ടൈപ്പിസ്റ്റ് / ഡിസൈൻ ഡ്രാഫ്റ്റ്സ്മാൻ / ഓപ്പറേറ്റർ / ടെലഫോൺ ഓപ്പറേറ്റർ / സർവ്വീസ് ടെക്നീഷ്യൻ | 11406 | 3845 | എക്സിക്യൂട്ടീവ്സ് | 12656 | 175 |
| എക്സ്പെഡിറ്റർ | 11126 | 4125 | ടെക്നിക്കൽ | 12001 | 175 |

| | | | | | |
|---|---|---|---|---|---|
| | | | അസിസ്റ്റന്റ്സ് | | |
| ഹെൽപ്പർ | 10191 | 5060 | ഓപ്പറേറ്റർ | 11406 | 595 |
| സ്വീപ്പർ / സാനിറ്ററി അറ്റന്റന്റ് | 9956 | 5295 | ഹെൽപ്പർ | 10191 | 1810 |
| അഞ്ച് വർഷത്തിൽ കൂടുതൽ സർവ്വീസുള്ള കാഷ്വൽ ജീവനക്കാർ (KEC & KH) | | | | 10191 | 5060 |
| അഞ്ച് വർഷത്തിൽ കുറവ് സർവ്വീസുള്ള കാഷ്വൽ ജീവനക്കാർ (KEC & KH) | | | | 10191 | 1810 |

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ2021 - ലെ ഓണത്തോടനുബന്ധിച്ച് കേരള സ്റ്റേറ്റ് ഇലക്ട്രോണിക്സ് ഡവലപ്മെന്റ് കോർപറേഷൻ ലിമിറ്റഡിലെയും അതിന്റെ അനുബന്ധ കമ്പനികളായ കണ്ണൂർ കെൽട്രോൺ കംപോണന്റ് കോംപ്ലക്സ് ലിമിറ്റഡ് (കെ.സി.സി.എൽ) ലെയും, കുറ്റിപ്പുറം കെൽട്രോൺ ഇലക്ട്രോ സിറാമിക്സ് ലിമിറ്റഡ് (കെ. ഇ. സി. എൽ) ലെയും, ബോണസ്സിന് അർഹത ഇല്ലാത്ത സ്ഥിരംജീവനക്കാർക്കും അഞ്ചു വർഷത്തിൽ കൂടുതൽ സർവ്വീസുള്ള കാഷ്വൽ ജീവനക്കാർക്കും ഉത്സവബത്ത/ബോണസിനു പുറമേ എക്സ്ഗ്രേഷ്യയായി 12,500/- രൂപ വീതവും (പന്ത്രണ്ടായിരത്തി അഞ്ഞൂറ് രൂപ) കരാർ ജീവനക്കാർക്കും അഞ്ചു വർഷത്തിൽ കുറവ് സർവ്വീസുള്ള കാഷ്വൽ ജീവനക്കാർക്കും എക്സ്ഗ്രേഷ്യയായി 8,500/- രൂപ വീതവും (എണ്ണായിരത്തി അഞ്ഞൂറ് രൂപ) ബോണസ്സിന് അർഹരായ ജീവനക്കാർക്ക് മേൽ സൂചിപ്പിച്ച പട്ടിക പ്രകാരവും എക്സ്ഗ്രേഷ്യ വിതരണം ചെയ്ത കെൽട്രോൺ ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ നടപടി സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

എ പി എം മുഹമ്മദ് ഹനീഷ്

പ്രിൻസിപ്പൽ സെക്രട്ടറി

ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കെൽട്രോൺ, വെള്ളയമ്പലം, തിരുവനന്തപുരം.

കെൽട്രോൺ ഡയറക്ടർ ബോർഡ് അംഗങ്ങൾ (മാനേജിംഗ് ഡയറക്ടർ മുഖേന)

അക്കൗണ്ടന്റ് ജനറൽ ( എ & ഇ/ ആഡിറ്റ് 2 ), കേരള, തിരുവനന്തപുരം.

ധനകാര്യവകുപ്പ് (പി.യു.ഡി.2/ 117/2022/ധന നമ്പർ അനൗദ്യോഗികക്കുറിപ്പ് മുഖേന)

പൊതുഭരണ (എസ്സ്. സി.) വകുപ്പ് (ഇനം നമ്പർ 1330)

തൊഴിൽ വകുപ്പ് (ഡി1/44/2022/തൊഴിൽ നമ്പർ അനൗദ്യോഗികക്കുറിപ്പ് മുഖേന)

സ.ഉ.(കൈ) നം.5/2023/ID

വെബ് & ന്യൂ മീഡിയ

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by Divya Y V

Date: 27-01-2023 19:31:54

Reason: Approved ഫീസർ

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 25-01-2023

ഫയൽ നം. വ്യവ-ഡി3/8/2022/വ്യവ. ഇനം നം: 1330

വിഷയം : വ്യവസായ വകുപ്പ് - കെൽട്രോണിലെയും സബ്സിഡിയറി കമ്പനികളിലെയും ജീവനക്കാർക്ക് 2020-21 സാമ്പത്തിക വർഷത്തെ എക്സ്ഗ്രേഷ്യ വിതരണം ചെയ്ത കെൽട്രോൺ ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ നടപടി സാധൂകരിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

N 27/1/23

പ്രിൻസിപ്പൽ സെക്രട്ടറി, വ്യവസായ വകുപ്പ്.

1330-

**കേരള സർക്കാർ**
**(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)**
**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | വ്യവ. - ഡി3/8/2022/വ്യവ. |
| 2 | വകുപ്പ് | : | വ്യവസായ (ഡി) വകുപ്പ് |
| 3 | വിഷയം | : | വ്യവസായ വകുപ്പ് - കെൽട്രോണിലെയും സബ്സിഡയറി കമ്പനികളിലെയും ജീവനക്കാർക്ക് 2020-21 സാമ്പത്തിക വർഷത്തെ എക്സ്ഗ്രേഷ്യ വിതരണം ചെയ്ത കെൽട്രോൺ ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ നടപടി സാധൂകരിക്കുന്നത് - സംബന്ധിച്ച് |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 05/11/2022 |
| 5 | (i) ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ ? | : | അതെ |
| | (ii) സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ; | : | ഉണ്ട് |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; | : | ഉണ്ട് |
| | ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ; | : | ഉണ്ട് |
| 7 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | : | ശ്രീമതി. എം.എ. റജീനാബീഗം. |
| 8 | കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | : | ശ്രീ. എ.പി.എം. മുഹമ്മദ് ഹനീഷ് |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | : | 15/01/2023 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ. വി.പി. ജോയ്. |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി; | : | 16/01/2023 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ. പി. രാജീവ്. |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 19/01/2023 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 20/01/2023 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | : | |

# മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

കേരള സ്റ്റേറ്റ് ഇലക്ട്രോണിക്സ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിലും അതിന്റെ അനുബന്ധ കമ്പനികളായ കണ്ണൂർ കെൽട്രോൺ കംപോണന്റ് കോംപ്ലക്സ് ലിമിറ്റഡി(കെ.സി.സി.എൽ)ലെയും, കുറ്റിപ്പുറം കെൽട്രോൺ ഇലക്ട്രോ സിറാമിക്സ് ലിമിറ്റഡി (കെ.ഇ.സി.എൽ) ലെയും ജീവനക്കാർക്ക് ഓണത്തോടനുബന്ധിച്ച് 2020-21 സാമ്പത്തിക വർഷത്തെ ഉത്സവബത്ത / ബോണസിനു പുറമെ എക്സ്ഗ്രേഷ്യ കൂടി നൽകിയ മാനേജിംഗ് ഡയറക്ടറുടെ നടപടി സാധൂകരിക്കുന്നതാണ് ഈ കുറിപ്പിലെ വിഷയം.

2) 2021 ലെ ഓണത്തോടനുബന്ധിച്ച് കെൽട്രോണിലെയും അനുബന്ധ കമ്പനികളിലെയും ജീവനക്കാർക്ക് ബോണസ്സ് /എക്സ്ഗ്രേഷ്യ എന്നിവ നൽകിയെന്നും ബോണസ്സിന് അർഹരായ ജീവനക്കാർക്ക് "The payment of Bonus (Amendment) Act 2015 അനുസരിച്ചാണ് ബോണസ്സ് നൽകിയതെന്നും കെൽട്രോൺ സി.എം.ഡി. സർക്കാരിനെ അറിയിച്ചിരുന്നു. 2019-ൽ സർക്കാർ പ്രതിനിധികളും മാനേജ്മെന്റ് പ്രതിനിധികളും അംഗീകൃത സംഘടനാപ്രതിനിധികളും തമ്മിൽ നടത്തിയ ചർച്ചയുടെ

അടിസ്ഥാനത്തിൽ സ്ഥിരം ജീവനക്കാർക്ക് 12,500/- രൂപയും കരാർ ജീവനക്കാർക്ക് 8,500/- രൂപയും എക്സ്ഗ്രേഷ്യയായി നൽകുവാൻ ധാരണയിലെത്തിയിരുന്നുവെന്നും 2019-ൽ ധാരണയിലെത്തിയ അതേ തുക തന്നെയാണ് മാനേജ്മെന്റ് പ്രതിനിധികളും അംഗീകൃത സംഘടനാപ്രതിനിധികളും തമ്മിൽ നടത്തിയ ചർച്ചയിൽ ധാരണയായതിന്റെ അടിസ്ഥാനത്തിൽ 2021-ലും എക്സ്ഗ്രേഷ്യയായി നൽകിയതെന്നുമാണ് സി. എം.ഡി. റിപ്പോർട്ട് ചെയ്തിരിക്കുന്നത്.

3) ബോണസ്സിന് അർഹരായ ജീവനക്കാരുടെ ബോണസ്സ് ("The Payment of Bonus (Amendment) Act 2015 പ്രകാരം), എക്സ്ഗ്രേഷ്യ എന്നിവ സംബന്ധിച്ച വിശദവിവരം ചുവടെ ചേർക്കുന്നു.

| **സ്ഥിരം** | | | **കരാർ** | | |
|---|---|---|---|---|---|
| കാറ്റഗറി | ബോണസ്സ് | എക്സ്ഗ്രേഷ്യ (round off) | കാറ്റഗറി | ബോണസ്സ് | എക്സ്ഗ്രേഷ്യ (round off) |
| അസിസ്റ്റന്റ് / സ്റ്റെനോ / ഡാറ്റാ എൻട്രി ഓപ്പറേറ്റർ / ടൈപ്പിസ്റ്റ് / ഡിസൈൻ ഡ്രാഫ്റ്റ്സ്മാ | 11406 | 3845 | എക്സിക്യൂട്ടീവ്സ് | 12656 | 175 |

| | | | | | |
|---|---|---|---|---|---|
| ൻ / ഓപ്പറേറ്റർ / ടെലഫോൺ ഓപ്പറേറ്റർ / സർവ്വീസ് ടെക്നീഷ്യൻ | | | | | |
| എക്സ്പെടിറ്റർ | 11126 | 4125 | ടെക്നിക്കൽ അസിസ്റ്റന്റ്സ് | 12001 | 175 |
| ഹെൽപ്പർ | 10191 | 5060 | ഓപ്പറേറ്റർ | 11406 | 595 |
| സ്വീപ്പർ / സാനിറ്ററി അറ്റന്റന്റ് | 9956 | 5295 | ഹെൽപ്പർ | 10191 | 1810 |
| | | | | | |
| അഞ്ച് വർഷത്തിൽ കൂടുതൽ സർവ്വീസുള്ള കാഷ്വൽ ജീവനക്കാർ (KEC & KH) | | | | 10191 | 5060 |
| | | | | 10191 | 1810 |

| | | |
|---|---|---|
| അഞ്ച് വർഷത്തിൽ കുറവ് സർവ്വീസുള്ള കാഷ്വൽ ജീവനക്കാർ (KEC & KH) | | |

4) എക്സ്ഗ്രേഷ്യ തുക വിതരണം ചെയ്ത വകയിൽ ആകെ 67.03 ലക്ഷം രൂപ (കെ.എസ്.ഇ.ഡി.സി.- 48.20 ലക്ഷം രൂപ, കെ.സി.സി.എൽ. – 15.19 ലക്ഷം രൂപ & കെ.ഇ.സി.എൽ. – 3.64 ലക്ഷം രൂപ) കമ്പനി ചെലവഴിക്കുകയുണ്ടായി.

5) ഈ വിഷയത്തിൽ തൊഴിലും നൈപുണ്യവും വകുപ്പിന്റെ അഭിപ്രായം ചുവടെ ചേർക്കുന്നു.

"ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ബോണസ് ഗൈഡ്‌ലൈൻസിലെ 05/08/2021–ലെ സ.ഉ. (അച്ചടി)നം61/2021/തൊഴിൽ മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായാണ് ബോണസും മറ്റു ആനുകൂല്യങ്ങളും നല്കിയതെങ്കിൽ പ്രസ്തുത നടപടിയോട് വകുപ്പ് യോജിക്കുന്നില്ല."

6) 05/08/2021 ലെ സ.ഉ. (അച്ചടി) നം. 61/2021/വ്യവ. നമ്പർ സർക്കാർ ഉത്തരവിലെ 6,8,9,10 എന്നീ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി കെൽട്രോണിലെയും അനുബന്ധ കമ്പനികളിലെയും ജീവനക്കാർക്ക് 2020–21 വർഷത്തെ എക്സ്ഗ്രേഷ്യ വിതരണം

ചെയ്തതിന്മേൽ കെൽട്രോൺ സി.എം.ഡി. സർക്കാരിന് വിശദീകരണം ലഭ്യമാക്കിയിരുന്നു.

7) കെൽട്രോണിലും അനുബന്ധ കമ്പനികളിലും ജീവനക്കാർക്ക് 2021 – ലെ ഓണത്തോടനുബന്ധിച്ച് 2020 – 21 സാമ്പത്തിക വർഷത്തെ ബോണസ്സ്, എക്സ്ഗ്രേഷ്യ എന്നിവ നൽകിയപ്പോൾ ബോണസ്സിന് അർഹരായ ജീവനക്കാർക്ക് "The payment of Bonus (Amendment)Act 2015" അനുസരിച്ച് 8.33% ൽ അധികരിക്കാത്ത തുകയാണ് ബോണസ്സായി നൽകിയതെന്നും ബോണസ്സിന് അർഹത ഇല്ലാത്ത സ്ഥിരം ജീവനക്കാർക്ക് എക്സ്ഗ്രേഷ്യയായി 12,500/– രൂപയും ഫെസ്റ്റിവൽ അലവൻസായി 2,750/– രൂപയും ഉൾപ്പെടെ 15,250/–രൂപയാണ് നൽകിയതെന്നുമാണ് സി.എം.ഡി. അറിയിച്ചിരിക്കുന്നത്. 05.08.2021 ലെ സ.ഉ. (അച്ചടി) നം. 61/2022/തൊഴിൽ നമ്പർ ഉത്തരവിലെ 6–ാമത്തെ വ്യവസ്ഥയ്ക്ക് വിധേയമായി പ്രതിമാസം 24,000/–രൂപ വരെ ശമ്പളം വാങ്ങുന്ന അർഹരായ ജീവനക്കാർക്കു മാത്രമാണ് ബോണസ്സ് വിതരണം ചെയ്തതെന്നും സ്ഥാപനത്തിലെ വ്യവസായിക അന്തരീക്ഷം നല്ല രീതിയിൽ നിലനിർത്തുന്നതിന്റെ ഭാഗമായിട്ടാണ് തൊഴിൽ വകുപ്പിന്റെ ഉത്തരവിലെ 8, 9, 10 എന്നീ വ്യവസ്ഥകളിൽ നിന്നും വ്യതിചലിച്ചുകൊണ്ട്

ബോണസ്സിന് അർഹരായ ജീവനക്കാർക്ക് കൂടി ബോണസ്സിനു പുറമേ എക്സ്ഗ്രേഷ്യയും നൽകിയതെന്നുമാണ് സി.എം.ഡി. അറിയിച്ചിരിക്കുന്നത്. സ്ഥാപനത്തിലെ എല്ലാ ജീവനക്കാർക്കും ബോണസ്സ്, എക്സ്ഗ്രേഷ്യ, ഫെസ്റ്റിവൽ അലവൻസ് എന്നീ ഇനങ്ങളിലായി നൽകുന്ന ആകെ തുക ഏകീകരിക്കുന്നതിന്റെ ഭാഗമായിട്ടാണ് ബോണസ്സിന് അർഹരായ ജീവനക്കാർക്ക് ബോണസ്സിനു പുറമേ എക്സ്ഗ്രേഷ്യയും നൽകിയതെന്നാണ് സി.എം.ഡി. റിപ്പോർട്ട് ചെയ്തിരിക്കുന്നത്.

8) കെൽട്രോണിലും അനുബന്ധ കമ്പനികളിലും ജീവനക്കാർക്ക് 2020 – 21 സാമ്പത്തിക വർഷത്തെ ബോണസ്സ്, എക്സ്ഗ്രേഷ്യ എന്നിവ നൽകിയത് സ്ഥാപനത്തിന്റെ തനത് ഫണ്ടിൽ നിന്നാണെന്ന് കെൽട്രോൺ സി. എം. ഡി. റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ നിലവിൽ സ്ഥാപനം ലാഭത്തിലാണ് പ്രവർത്തിക്കുന്നതെന്നും 2019 – 20 സാമ്പത്തിക വർഷം വരെയുള്ള ഓഡിറ്റ് പൂർത്തീകരിച്ചിട്ടുണ്ടെന്നും കെൽട്രോൺ സി. എം. ഡി. സർക്കാരിനെ അറിയിച്ചിട്ടുണ്ട്. 2021 – 22 സാമ്പത്തിക വർഷത്തിൽ മുൻകാലയളവുകളെ അപേക്ഷിച്ച് ഉയർന്ന വിറ്റുവരവും (450.18 കോടി), അറ്റാദായവും (5.74 കോടി) കമ്പനി കൈവരിച്ചുവെന്നും 2019 –20 സാമ്പത്തിക വർഷം കമ്പനിയുടെ മൊത്തം ആസ്തി 182.08 കോടി

രൂപയായിരുന്നുവെന്നും കെൽട്രോൺ സി. എം. ഡി. റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ 2019 -ൽ സർക്കാർ പ്രതിനിധികളും മാനേജ്മെന്റ് പ്രതിനിധികളും അംഗീകൃത സംഘടനാ പ്രതിനിധികളും തമ്മിൽ നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ ധാരണയിലെത്തിയ തുകയിൽ യാതൊരു മാറ്റവും വരുത്താതെയാണ് 2021 - ലെ ഓണത്തോടനുബന്ധിച്ചും എക്സ്ഗ്രേഷ്യ വിതരണം ചെയ്തതെന്ന് കെൽട്രോൺ സി. എം. ഡി. റിപ്പോർട്ട് ചെയ്തിരിക്കുന്നു.

9) 05.08.2021 ലെ സ.ഉ.(അച്ചടി)നം.61/2021/തൊഴിൽ എന്ന സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങളിൽ പ്രതിപാദിച്ചിട്ടുള്ള 17–ാമത്തെ ഖണ്ഡിക പ്രകാരം മുൻ വർഷം വിതരണം ചെയ്ത എക്സ്ഗ്രേഷ്യ തുകയിൽ യാതൊരു മാറ്റവും വരുത്താതെയാണ് 2021 -ലെ ഓണത്തോടനുബന്ധിച്ച് എക്സ്ഗ്രേഷ്യ വിതരണം ചെയ്തതെന്ന് സി.എം.ഡി. റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 2021 ലെ ഓണത്തോടനുബന്ധിച്ച് കെ എസ് ഇ ഡി സി യിലെ ജീവനക്കാർക്ക് ബോണസിനു പുറമേ 2020 - 21 ലെ എക്സ്ഗ്രേഷ്യ കൂടി വിതരണം ചെയ്തതിന് കമ്പനിയുടെ ഡയറക്ടർ ബോർഡ് സാധൂകരണം നൽകിയിട്ടുണ്ട്. അതിൻപ്രകാരം 2020 - 21 സാമ്പത്തിക വർഷത്തെ എക്സ്ഗ്രേഷ്യ വിതരണം ചെയ്തത് തിരികെ ഈടാക്കുന്നത് സ്ഥാപനത്തിന്റെ വ്യാവസായിക അന്തരീക്ഷത്തെ

പ്രതികൂലമായി ബാധിക്കുമെന്നതിനാലും സർക്കാരിൽ നിന്നും സാധൂകരണം ലഭ്യമാകുന്ന മുറയ്ക്കു മാത്രമേ വിരമിച്ച ജീവനക്കാർക്ക് പ്രസ്തുത തുക വിതരണം ചെയ്യുവാൻ സാധിക്കുകയുള്ളൂ എന്നതിനാലും പ്രസ്തുത തുക വിതരണം ചെയ്തതിനു സർക്കാർ സാധൂകരണം നൽകണമെന്ന് കെൽട്രോൺ സി.എം.ഡി. സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

10) ഇതിന്മേൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം തേടുകയും ആ വകുപ്പ് ചുവടെ ചേർത്തിരിക്കുന്ന അഭിപ്രായം രേഖപ്പെടുത്തുകയുണ്ടായി.

"തൊഴിൽ വകുപ്പ് പുറത്തിറക്കിയ 05/08/2021 ലെ സ.ഉ. (അച്ചടി) നം. 61/2021/വ്യവ. നമ്പർ സർക്കാർ ഉത്തരവ് പാലിക്കാതെയാണ് കെൽട്രോണിലെയും അനുബന്ധ കമ്പനികളിലെയും ജീവനക്കാർക്ക് 2020-21 വർഷത്തെ എക്സ്ഗ്രേഷ്യ വിതരണം ചെയ്തിരിക്കുന്നത് എന്നതിനാൽ തൊഴിൽ വകുപ്പിന്റെ അഭിപ്രായം ഒന്നു കൂടി ആരാഞ്ഞ ശേഷം ഈ വിഷയത്തിൽ ഭരണവകുപ്പ് തന്നെ ഉചിതതലത്തിൽ തീരുമാനമെടുക്കേണ്ടതാണെന്ന് അറിയിക്കുന്നു."

11) ഈ വിഷയത്തിൽ തൊഴിൽ വകുപ്പിന്റെ അഭിപ്രായം ഒന്നു കൂടി ആരായുന്നതിനായി ഫയൽ ടി. വകുപ്പിന് ലഭ്യമാക്കിയപ്പോൾ ആ

വകുപ്പ് ചുവടെ ചേർത്തിരിക്കുന്ന അഭിപ്രായം രേഖപ്പെടുത്തി.

"23/03/2022 ലെ (Note #8) ഈ വകുപ്പിന്റെ മുൻ അഭിപ്രായത്തിൽ ഉറച്ചു നിൽക്കുന്നു."

12) ഫയൽ ബഹു. നിയമവും വ്യവസായവും കയറും വകുപ്പു മന്ത്രി മുഖേന ബഹു. മുഖ്യമന്ത്രിക്കു സമർപ്പിച്ചപ്പോൾ ഈ വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ഉത്തരവാകുകയുണ്ടായി.

## <u>തീരുമാനിക്കേണ്ട വിഷയം</u>

തൊഴിലും നൈപുണ്യവും വകുപ്പിന്റെയും, ധനകാര്യവകുപ്പിന്റെയും അഭിപ്രായം മറികടന്നുകൊണ്ട്, 2021 -ലെ ഓണത്തോടനുബന്ധിച്ച് കേരള സ്റ്റേറ്റ് ഇലക്ട്രോണിക്സ് ഡെവലപ്മെന്റ് കോർപറേഷൻ ലിമിറ്റഡിലെയും അതിന്റെ അനുബന്ധ കമ്പനികളായ കണ്ണൂർ കെൽട്രോൺ കംപോണന്റ് കോംപ്ലക്സ് ലിമിറ്റഡി (കെ.സി.സി.എൽ) ലെയും, കുറ്റിപ്പുറം കെൽട്രോൺ ഇലക്ട്രോ സിറാമിക്സ് ലിമിറ്റഡി (കെ.ഇ.സി.എൽ) ലെയും ബോണസ്സിന് അർഹത ഇല്ലാത്ത സ്ഥിരം ജീവനക്കാർക്കും അഞ്ചു വർഷത്തിൽ കൂടുതൽ സർവ്വീസുള്ള കാഷ്വൽ ജീവനക്കാർക്കും ഉത്സവബത്ത/ബോണസിനു പുറമേ എക്സ്ഗ്രേഷ്യയായി 12,500/- രൂപ വീതവും (പന്ത്രണ്ടായിരത്തി അഞ്ഞൂറ് രൂപ) കരാർ

ജീവനക്കാർക്കും അഞ്ചു വർഷത്തിൽ കുറവ് സർവ്വീസുള്ള കാഷ്വൽ ജീവനക്കാർക്കും എക്സ്ഗ്രേഷ്യയായി 8,500/- രൂപ വീതവും (എണ്ണായിരത്തി അഞ്ഞൂറ് രൂപ) ബോണസ്സിന് അർഹരായ ജീവനക്കാർക്ക് അനുബന്ധത്തിലെ പട്ടിക പ്രകാരവും എക്സ്ഗ്രേഷ്യ വിതരണം ചെയ്ത കെൽട്രോൺ ചെയർമാൻ ആന്റ് മാനേജിംഗ് ഡയറക്ടറുടെ നടപടി സാധൂകരിക്കാമോ?

# അനുബന്ധം

| സ്ഥിരം | | | കരാർ | | |
|---|---|---|---|---|---|
| കാറ്റഗറി | ബോണസ്സ് | എക്സ്ഗ്രേഷ്യ (round off) | കാറ്റഗറി | ബോണസ്സ് | എക്സ്ഗ്രേഷ്യ (round off) |
| അസിസ്റ്റന്റ് / സ്റ്റെനോ / ഡാറ്റാ എൻട്രി ഓപ്പറേറ്റർ / ടൈപ്പിസ്റ്റ് / ഡിസൈൻ ഡ്രാഫ്റ്റ്സ്മാൻ / ഓപ്പറേറ്റർ / ടെലഫോൺ ഓപ്പറേറ്റർ / സർവ്വീസ് ടെക്നീഷ്യൻ | 11406 | 3845 | എക്സിക്യൂട്ടീവ്സ് | 12656 | 175 |
| എക്സ്പെടിറ്റർ | 11126 | 4125 | ടെക്നിക്കൽ അസിസ്റ്റന്റ്സ് | 12001 | 175 |
| ഹെൽപ്പർ | 10191 | 5060 | ഓപ്പറേറ്റർ | 11406 | 595 |
| സ്വീപ്പർ / സാനിറ്ററി അറ്റന്റന്റ് | 9956 | 5295 | ഹെൽപ്പർ | 10191 | 1810 |
| | | | | | |
| അഞ്ച് വർഷത്തിൽ കൂടുതൽ സർവ്വീസുള്ള കാഷ്വൽ ജീവനക്കാർ (KEC & KH) | | | | 10191 | 5060 |
| അഞ്ച് വർഷത്തിൽ കുറവ് സർവ്വീസുള്ള കാഷ്വൽ ജീവനക്കാർ (KEC & KH) | | | | 10191 | 1810 |